സി.ജി(2) 16938/15 സഹകരണസംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, തീയതി : 25.5. 2015

Email : : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Tel : No. 0471 2330726

# സർക്കുലർ നമ്പർ 25 /2015

**വിഷയം:** സഹകരണ വകുപ്പ് – സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1,00,000/- രൂപ വരെയുള്ള വായ്പകൾക്ക് കടാശ്വാസം-മാർഗ്ഗ നിർദ്ദേശം സംബന്ധിച്ച്.

**സൂചന:** 1) 30.03.2015 ലെ സ.ഉ(അച്ചടി)24/15/പജപവവിവ/ നമ്പർ ഉത്തരവ്
2) സഹകരണ സംഘം രജിസ്ട്രാറുടെ 21.4.2015 ലെ 22/15 നമ്പർ സർക്കുലർ മാർഗ്ഗ നിർദ്ദേശം .

പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31.3.2010 ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകൾക്ക് കടാശ്വാസം അനുവദിച്ചും, ഒരു ലക്ഷം രൂപാവരെ കടാശ്വാസ ബാധ്യത സർക്കാർ ഏറ്റെടുത്തും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന(2) പ്രകാരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിന്മേൽ കൂടുതൽ വ്യക്തത ആവശ്യമാണെന്ന് കണ്ടതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ബന്ധപ്പെട്ട സഹകരണ സംഘത്തിൽ ഹാജരാക്കേണ്ടതാണ്. എന്നാൽ മരണപ്പെട്ട വായ്പക്കാരെ സംബന്ധിച്ച പ്രസ്തുത സർട്ടിഫിക്കറ്റുകൾ ലഭ്യമല്ലായെങ്കിൽ അവയ്ക്കുപകരം ടിയാന്റെ/ടിയാളുടെ അനന്തര അവകാശികൾക്ക് റവന്യൂ അധികാരികൾ നൽകിയിട്ടുള്ള പ്രസ്തുത സർട്ടിഫിക്കറ്റുകൾ ടിയാൻമാരുടെ സത്യപ്രസ്താവനസഹിതം കടാശ്വാസ ആനുകൂല്യത്തിനായി പരിഗണിക്കാവുന്നതാണ്
2. 31.3.2010 ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായി നിലനിന്നിരുന്നതും എന്നാൽ 30.3.2015 ന് മുമ്പായി വായ്പാ കണക്ക് അവസാനിപ്പിച്ചിട്ടുള്ളതുമായ വായ്പകളെ സംബന്ധിച്ച വിവരങ്ങൾ പ്രത്യേക പ്രൊഫോർമയായി സമർപ്പിക്കേണ്ടതാണ്.
3. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് വായ്പക്കാരൻ അടയ്ക്കേണ്ട വിഹിതം ഒന്നായോ, തവണകളായോ അടയ്ക്കുന്നതിനുള്ള കാലാവധി 31.5.2015 ആയിരുന്നത് <u>30.6.15</u> ആയി ദീർഘിപ്പിക്കുന്നു. ഇപ്രകാരം ടി തീയതിക്കകം തുക അടച്ചുതീർക്കുന്ന വായ്പകൾക്ക് മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടാകു.
4. കടാശ്വാസ ആനുകൂല്യമായി വായ്പക്കാർക്ക് അർഹതപ്പെട്ട <u>തുക ബന്ധപ്പെട്ട വായ്പാ അക്കൗണ്ടുകളിൽ വരവ് വച്ച് നൽകി വായ്പാകണക്ക് അവസാനിപ്പിച്ചശേഷം ടി തുക സർക്കാരിൽ നിന്നും ലഭിക്കുവാനുള്ളതായി കണക്കെഴുതേണ്ടതാണ്.</u>

സംഘം/ബാങ്ക് ഭരണസമിതി സൂചന(2) ൽ പരാമർശിച്ചിരുന്ന പ്രൊഫോർമാ മാതൃകയിൽ തയ്യാറാക്കിയ പട്ടിക സാക്ഷ്യപ്പെടുത്തി 10.7.15 ന് മുമ്പായി ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)ന് സമർപ്പിക്കേണ്ടതും, ടിയാൻ പ്രീ-ആഡിറ്റ് പരിശോധനകൾക്ക് ശേഷം

പട്ടികകൾ ജില്ലാ ജോയിന്റ് ഡയറക്ടർക്ക് (ആഡിറ്റ്) 25/7/15 നകം സമർപ്പിയ്ക്കേണ്ടതുമാണ്. ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) അർഹത ഉറപ്പ് വരുത്തിയ ശേഷം പട്ടികകൾ തുടർ പരിശോധനയ്ക്ക് സൂക്ഷിക്കുന്നതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)ന് 31/7/15-ന് മുമ്പായി നൽകേണ്ടതുമാണ്. ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകൾക്കും, സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകൾക്കും പ്രത്യേകം പ്രത്യേകം പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആനുകൂല്യ പട്ടികകളുടെ അർഹത ഉറപ്പ് വരുത്തി ഓരോ സംഘത്തിനും/ബാങ്കിനും ആനുകൂല്യമായി ലഭിക്കേണ്ട വായ്പകളുടെ എണ്ണവും, തുകയും അടങ്ങിയ സംക്ഷിപ്തം പ്രത്യേകം പ്രത്യേകം തയ്യാറാക്കിയത് (4 പ്രോഫോർമകളിലായി) 10.8.15-ന് മുൻപായി ടിയാന്റെ ശുപാർശയോടെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ആനുകൂല്യത്തിന് അർഹതയുള്ള ആരും പട്ടികയിൽ നിന്നും ഒഴിവായിട്ടില്ലായെന്ന് ബന്ധപ്പെട്ട സംഘം/ബാങ്ക് ഭരണസമിതിയും വകുപ്പുതല ഉദ്യോഗസ്ഥൻമാരും ഉറപ്പാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശം സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടെയും ശ്രദ്ധയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
**സഹകരണസംഘം രജിസ്ട്രാർ**

**പകർപ്പ്:-**

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ (ജനറൽ & ആഡിറ്റ്) മാർക്കും
2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കേരള സ്റ്റേറ്റ് കോ - ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ.
4. സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മീഷൻ
5. ജോയിന്റ് ഡയറക്ടർ /കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കേരള സ്റ്റേറ്റ് കോ - ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ.
6. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ / കൺകറന്റ് ആഡിറ്റർമാർക്കും.
7. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ ആഡിറ്റ് മുഖേന)
8. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
10 അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)
11 എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
12 സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
13 ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
14 സ്റ്റോക്ക് ഫയൽ/സ്പെയർ.
15 വെബ്സൈറ്റ്